(ബി) കാർഷിക വായ്പയുടെ മൊറട്ടോറിയത്തിന്റെ കാലാവധി നീട്ടണം എന്ന കർഷകരുടെ ആവശ്യം പരിഗണിക്കുന്നുണ്ടോ ; എങ്കിൽ എത്ര കാലത്തേക്ക് മൊറട്ടോറിയം നീട്ടുവാനാണ് ആലോചിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാർഷിക വായ്പാ തിരിച്ചടവ് മുടങ്ങിയവർക്കായുള്ള മൊറട്ടോറിയത്തിന്റെ കാലാവധി 15-2-2015-ന് അവസാനിച്ചു.

(ബി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടില്ല.

ഫാമുകളുടെ ശാക്തീകരണം

160 (3134) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഇതിനായി ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമെന്ന വിശദമാക്കുമോ ;

(സി) ശാക്തീകരണത്തിന്റെ ഭാഗമായി സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും ഫാമുകൾ തമ്മിൽ മത്സരം ഉണ്ടാക്കിയെടുക്കുവാൻ സമ്മാന പദ്ധതി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷി ഫാമുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് :

1. ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ. അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. ജലസേചനം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഫാമുകളിൽ നിലവിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

4. കൃഷി ഫാമുകളിൽ 11 ഡയറി യൂണിറ്റുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

5. ശാക്തീകരണത്തിലും ആധുനികവൽക്കരണത്തിലും സൗന്ദര്യവൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ മത്സര ബുദ്ധി ഉളവാക്കുന്നതിന് കാര്യക്ഷമവും ഉൽപ്പാദനമേഖലയിൽ മികവും കാട്ടുന്ന ഫാമുകൾക്ക് സമ്മാനം ഏർപ്പെടുത്തിയിട്ടുണ്ട്.

6. ജില്ലാ ഫാം ഉപദേശക സമിതിയിൽ ജില്ലാ പഞ്ചായത്ത് മെമ്പർമാരെയും ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

7. ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷി രീതി ഫാമുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

8. നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിൽ (പഴവർഗ്ഗങ്ങളുടെ ഗ്രാഫ്റ്റ്, ലെയറുകൾ, തൈകൾ, പച്ചക്കറി തൈകൾ, കറിയ ഇനം തെങ്ങിൻതൈകൾ, ടിഷ്യുകൾച്ചർ തൈകൾ) ഗണ്യമായ വർദ്ധന വരുത്തുന്നത് ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ജലസേചനം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങളായ ലേബർ പടി, വിപണന കൗണ്ടർ, കാർട്ടേജ്, കാറ്റിൽ ഷെഡ് എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമുള്ള ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്. ക്യാപിറ്റൽ ഔട്ട് ലെ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നിവയിൽ ഈ വർഷം തുക അനുവദിച്ചിട്ടുണ്ട്.

(സി) ഫാമുകളുടെ ശാക്തീകരണത്തിലും ആധുനികവൽക്കരണത്തിലും സൗന്ദര്യവൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ മത്സരബുദ്ധി ഉളവാക്കുന്നതിന് കാര്യക്ഷമതയും ഉൽപ്പാദന മേഖലയിൽ മികവും കാട്ടുന്ന ഫാമുകൾക്ക് സമ്മാന

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഒന്നാം സമ്മാനമായി 15 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 10 ലക്ഷം രൂപയും മൂന്നാം സമ്മാനമായി 5 ലക്ഷം രൂപയുമാണ് നൽകുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ നടന്നുവരുന്നു.

കട്ടനാട് പാക്കേജ് - വൈക്കം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

161 (3135) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട് പാക്കേജ് വഴി കൃഷി വകുപ്പിന്റെ കീഴിൽ വൈക്കം നിയോജക മണ്ഡലത്തിൽ ഏതെല്ലാം ജോലികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതു ഘട്ടംവരെയെത്തിയെന്നും പൂർത്തിയായ ജോലികൾ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(സി) കട്ടനാട് പാക്കേജിന്റെ പ്രവർത്തന കാലാവധി നീട്ടിയതിൽ വൈക്കം മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്ക് സഹായകരമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പു മുഖേന വൈക്കം നിയോജകമണ്ഡലത്തിൽ കളങ്ങളുടെയും കിണറുകളുടെയും പുനരുദ്ധാരണമാണ് പ്രധാനമായും നടന്നുവരുന്നത്. ഇതുകൂടാതെ രാമച്ചം, ഔഷധ സസ്യം, ടിഷ്യു കൾച്ചർ വാഴത്തൈകൾ എന്നിവയുടെ വിതരണവും നടത്തിയിട്ടുണ്ട്.

(ബി) വൈക്കം നിയോജക മണ്ഡലത്തിൽ 9 കളങ്ങൾ, 480 കിണറുകൾ എന്നിവയുടെ പുനരുദ്ധാരണം പൂർത്തിയാക്കി. 76000 എണ്ണം രാമച്ചം, 10000 എണ്ണം ഔഷധസസ്യങ്ങൾ, 5000 എണ്ണം ടിഷ്യുകൾച്ചർ വാഴ എന്നിവയുടെ വിതരണവും പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി മൊത്തം 218.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly